ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2003 ഡിസംബർ 31 വരെ മുഖ്യമന്ത്രി അടക്കമുള്ള മന്ത്രിമാർ നടത്തിയ ഡൽഹിലേക്കുള്ള വിമാന യാത്രകളെപ്പറ്റിയുള്ള വിവരങ്ങൾ അനുബന്ധം ആയി ചേർത്തിട്ടുണ്ട്.† മന്ത്രിമാർ ഓരോരുത്തരുടേയും യാത്രാകൂലി, യാത്രാ അലവൻസുകൾ മറ്റുമുള്ള ചെലവുകളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(ബി, സി) മന്ത്രിമാരുടെ വിദേശയാത്രകളെ പറ്റിയും യാത്ര ഏതു രാജ്യങ്ങളിലേക്കായിരുന്നു എന്ന വിവരവും അനുബന്ധം† ആയി ചേർത്തിട്ടുണ്ട്. മന്ത്രിമാരുടെ വിദേശയാത്രയ്ക്കായി ചെലവായ തുകയെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുവരുന്നു.

മുഖ്യമന്ത്രിയും മറ്റു മന്ത്രിമാരും നടത്തിയ വിമാന യാത്രകൾ

6 [6] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മുഖ്യമന്ത്രിയും മറ്റു മന്ത്രിമാരും ഔദ്യോഗികാവശ്യാർത്ഥം എത്ര തവണ വീതം ഏതെല്ലാം വിദേശ രാജ്യങ്ങൾ സന്ദർശിച്ചിട്ടുണ്ട് എന്നും ആയതിന് എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിയും മറ്റു മന്ത്രിമാരും ഔദ്യോഗികാവശ്യാർത്ഥം രാജ്യത്തിനകത്ത് എത്ര വീതം വിമാനയാത്രകൾ നടത്തിയെന്നും ആയതിന് ചെലവായ തുക എത്രയെന്നും വ്യക്തമാക്കുമോ;

(സി) 2003 സെപ്റ്റംബർ മുതൽ 2004 ജനുവരി വരെ മുഖ്യമന്ത്രിയും മറ്റ് മന്ത്രിമാരും എത്ര തവണ വീതം ഡൽഹി യാത്ര നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി & സി) വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.† യാത്രകൾക്ക് ചെലവായ തുക എത്രയെന്ന് ശേഖരിച്ച് നൽകുന്നതാണ്.

മന്ത്രിമാരുടെ ഡൽഹി യാത്ര

7 [7] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഡൽഹി യാത്രയ്ക്കായി ഓരോ മന്ത്രിമാരും ചെലവഴിച്ച തുക എത്രവീതമെന്ന് വ്യക്തമാക്കാമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിൽ 2003 സെപ്റ്റംബറിനും ഡിസംബറിനും ഇടയിൽ എത്ര മന്ത്രിമാർ ഡൽഹി സന്ദർശിച്ചു; ഇതിനായി ഓരോ മന്ത്രിയും ചെലവഴിച്ച തുക എത്രവീതമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(സി) വിവരങ്ങൾ †അനുബന്ധം ആയി ചേർത്തിരിക്കുന്നു.

(ഡി) വിവരങ്ങൾ †അനുബന്ധം ആയി ചേർത്തിരിക്കുന്നു.

മന്ത്രിമാരുടെ വിദേശ യാത്രാചെലവ്

8 [8] ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ എത്ര മന്ത്രിമാർ എത്ര വിദേശയാത്ര നടത്തിയിട്ടുണ്ട്; ഈ ഇനത്തിൽ ഓരോരുത്തർക്കും എത്ര തുക ചെലവായി എന്ന് വ്യക്തമാക്കാമോ;

(ബി) 2003 സെപ്റ്റംബർ മുതൽ ഡിസംബർ വരെ മുഖ്യമന്ത്രി ഉൾപ്പെടെ എത്ര മന്ത്രിമാർ എത്ര തവണ ഡൽഹി യാത്ര നടത്തി; ഈ ഇനത്തിൽ ഓരോരുത്തർക്കും എത്ര തുക ചെലവായി എന്ന് വ്യക്തമാക്കാമോ;

(സി) 2001 ഏപ്രിൽ മുതൽ 2003 ഡിസംബർ വരെ എത്ര ഉദ്യോഗസ്ഥന്മാർ വിദേശയാത്ര നടത്തിയിട്ടുണ്ട്; ഈ ഇനത്തിൽ എത്ര തുക ചെലവായിട്ടുണ്ട്?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിദേശയാത്ര നടത്തിയ മന്ത്രിമാരുടെ വിവരങ്ങൾ അനുബന്ധം ആയി ചേർത്തിട്ടുണ്ട്.† ഇതിനു ചെലവായ തുകയെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(ബി) 2003 സെപ്റ്റംബർ മുതൽ ഡിസംബർ വരെ മുഖ്യമന്ത്രി ഉൾപ്പെടെ 15 മന്ത്രിമാർ ഡൽഹി യാത്ര നടത്തിയിട്ടുണ്ട്. വിവരങ്ങൾ †അനുബന്ധം ആയി ചേർത്തിട്ടുണ്ട്. മന്ത്രിമാരുടെ ഡൽഹി യാത്രയ്ക്കുവേണ്ടി ചെലവായ തുകയെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(സി) വിവരം ശേഖരിച്ചു വരുന്നു.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly